Page 1 of 1

തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. കൂടാതെ ആർദ്രം മിഷൻ, ആരോഗ്യ മേഖലയിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും നൽകുന്നതിനായി ഓരോ റവന്യൂ ബ്ലോക്കിൽനിന്നും ഒരു സ്ഥാപനം വീതം തെരഞ്ഞെടുത്ത് ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തീരുമാനിച്ചതിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽനിന്നും കടമ്പഴിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ആയതിന് 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുമുണ്ട്. പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. കൂടാതെ ഒറ്റപ്പാലം താലൂക്ക് ആശുപത്രി നവീകരണത്തിനായി കിഫ്ബി വഴി 13.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുത്ത പി.എച്ച്.സി, ലക്കിടി, പി.എച്ച്.സി തച്ചനാട്ടുകര, പി.എച്ച് സി. കോട്ടപ്പുറം എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

മലബാർ കാൻസർ സെന്ററിലെ നഴ്സിംഗ് കോളേജിന്റെ നിർമ്മാണം

151 (151) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ മലബാർ കാൻസർ സെന്ററിലുള്ള നഴ്സിംഗ് കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ?

തലശ്ശേരിയിലുള്ള മലബാർ കാൻസർ സെന്ററിന്റെ ഭാഗമായുള്ള നഴ്സിംഗ് കോളേജിന്റെ നിർമ്മാണത്തിനായി 2012-ൽ 850 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2015-ൽ കൺസൾട്ടന്റായി ചുമതലപ്പെടുത്തിയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 20 കോടി രൂപയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ലഭ്യമായ ഫണ്ടുപയോഗിച്ച് ഒന്നാംഘട്ടം പൂർത്തിയാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 3888.14 ച.മീറ്റർ വിസ്തൃതിയിൽ രണ്ട് നിലകളിലായുള്ള കെട്ടിടത്തിന്റെ പ്രവൃത്തികൾ 2017-ൽ പൂർത്തിയാക്കി 2018 മുതൽ പ്രവർത്തനം നടന്നുവരുന്നു. മേൽ കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽപ്പെടുത്തി 9-8-2021-ൽ 200 ലക്ഷം രൂപയുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കുമോ?

രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നടപ്പാക്കുന്നതിന് മലബാർ കാൻസർ സെന്റർ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly